# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടി ക്രമങ്ങൾ

വിഷയം – ആ.വ.ഡ- ജീവനക്കാര്യം – ശ്രീമതി രമ.റ്റി ഫയൽ ചെയ്ത ഒ.എ. 1246/2019 നമ്പർ കേസിൻ മേൽ 25.6.2019 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

പരാമർശം – 1) ഒ.എ.നം.1246/2019 കേസിന്മേൽ 25.6.2019 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്.

2) G.O.(Rt) No.595/20/H&FWD, TMVPM dated 18.3.2020

## ഉത്തരവ് നം.ഇ.എസ്.5/67854/2019/ആവഡ തീയതി 25/5/2020

പത്തനംതിട്ട ജില്ലയിൽ പ്രമാടം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 ആയി ജോലി ചെയ്തു വരുന്ന ശ്രീമതി രമ.റ്റി, പി.എസ്.സി അഡൈ്വസ് നമ്പർ കാസർഗോഡ് (1)298/94 തീയതി 19.11.1997 പ്രകാരം 22.12.1997 ൽ കാസർഗോഡ് ജില്ലയിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്-2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് 5.7.2001-ൽ ഇടുക്കി ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നേടുകയും ചെയ്തു. അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയതിന്റെയടിസ്ഥാനത്തിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്-2 സിനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 2296 ഇതിനാനുപതികമായി ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 സീനിയോറിട്ടി പട്ടികയിൽ റാങ്ക് നമ്പർ 1946 - ാം നം ലഭിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി (KAT)No.74/2017, O.P.(KAT) No.211/2017 കേസിന്മേൽ 11.10.2017 ലെ വിധി ന്യായവും ബഹുമാനപ്പെട്ട KAT, OA.No.1070/14 നമ്പർ കേസിന്മേൽ 11.12.2017 ലെ വിധി ന്യായ പ്രകാരം ജില്ലാതല നിയമനം നേടി ജോലിയിൽ തുടർന്നു വരവേ അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചാലും പ്രസ്തുത സ്ഥലം മാറ്റം ലഭിക്കുന്നതിന് മുമ്പ് ടിയാൾക്ക് ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ സ്ഥാനകയറ്റത്തിന് അർഹതയുണ്ടെങ്കിൽ ആയത് പരിഗണിച്ച് സ്ഥാനകയറ്റത്തിന്റെ തീയതി നിശ്ചയിക്കണമെന്ന അടിസ്ഥാനത്തിൽ ടിയാൾ സമർപ്പിച്ച അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ശ്രീമതി രമ.റ്റി ടിയാൾക്ക് പ്രമോഷൻ ലഭിക്കാനായിരുന്ന 7.6.2001 ന് ശേഷം 5.7.2001 ലാണ് IDT നേടിയതിനാൽ 10.8.2009 ലെ ഉത്തരവ് നം.FW (Spl.cell) 61647/2007/DMO പ്രകാരമുള്ള ജെ.പി.എച്ച്.എൻ ഗ്രേഡ് 2 വിഭാഗം ജീവനക്കാരുടെ സിനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 2296 റദ്ദ് ചെയ്യുകയും ആയത് പുന:ക്രമീകരിച്ച് പ്രസ്തുത സി.പട്ടികയിൽ റാങ്ക് നം.822(എ) ആയി ഉൾപ്പെടുത്തിയും 6.12.2018 ലെ ഉത്തരവ് നമ്പർ ഇ.എസ്5/32284/17/ഡി.എച്ച്.എസ് പ്രകാരമുള്ള ജെ.പി.എച്ച്.എൻ ഗ്രേഡ് I വിഭാഗം ജീവനക്കാരുടെ സിനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 1946 റദ്ദ് ചെയ്ത്, ഈ സ്ഥാനം പുനക്രമീകരിച്ച് റാങ്ക് നമ്പർ 675 (എ) ആയും സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No. | Name | Pen No. | Date of Birth | Qualification | Date of Joining | PSC Advice No & date | Order of Promotion as JPHN grade-1 | Date assigned for promotion as JPHN Grade I | Existing Rank No.in the Seniority list of JPHN | | New Rank No.in the Seniority list of JPHN | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | JPHN Grade II | Grade I | Grade I | Grade II | |
| 1 | Rema.T | 33280 | 15.5.68 | PDC/ANM | 22.12.17 | KGD(1)298/1994/ KPSC, KGD, dated 19.11.2017 | FWA4/19888/ 2014/DHS dtd 1.3.2016 | 7.6.2001 | 2296 | 1946 | 822(A) | 675(A) | |

കോടതി വിധി ഇതിനാൽ നടപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്,
ഡോ.സെമീറ.എ
അഡീഷണൽ ഡയറക്ടർ(A&T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർ മാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1) മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, പി.എച്ച്.സി പ്രമാടം, പത്തനംതിട്ട.

2) Smt.Rema.T, JPHN Grade I, പി.എച്ച്.സി , പ്രമാടം, പത്തനംതിട്ട.

3) FW Section , ഫയൽ/കരുതൽ ഫയൽ.

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്.

S.V